"ഭരണഭാഷ - മാതൃഭാഷ"

നമ്പർ ഇ 1/21739/2016/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ
തിരുവനന്തപുരം - 33
തീയതി: 15.10 2016.
ഫോൺ: 04712303107

## സർക്കുലർ

വിഷയം: കോളേജ് വിദ്യാഭ്യാസ വകുപ്പ് - സ്വകാര്യ കോളേജുകൾ - അനദ്ധ്യാപകവിഭാഗം - കേരളത്തിലെ എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപകരുടെ സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരണം - അനദ്ധ്യാപകരുടെ നിയമനം /സ്ഥാനക്കയറ്റം സംബന്ധിച്ച നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന:- 29.02.2016 -ലെ സ.ഉ(എം.എസ്) 60/2016/ഉ.വി.വ.

*****

യു.ജി.സി ധനസഹായം ലഭിക്കുന്ന എല്ലാ സ്വകാര്യ എയ്ഡഡ് കോളേജുകളിലും യു.ജി.സി ലൈബ്രേറിയൽ തസ്തിക അനുവദനീയമാണ്.

നിലവിൽ നാലാം ഗ്രേഡ് ലൈബ്രേറിയൻമാർ സേവനമനുഷ്ഠിക്കുന്നവരിൽ യു.ജി.സി നിഷ്കർഷിക്കുന്ന യോഗ്യതയുള്ളവരുണ്ടെങ്കിൽ യു.ജി.സി ലൈബ്രേറിയൻമാരായി സ്ഥാനക്കയറ്റം നൽകാവുന്നതാണ്.

യു.ജി.സി ലൈബ്രേറിയൻ തസ്തിക അനുവദനീയമായ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന നാലാം ഗ്രേഡ് ലൈബ്രേറിയൻമാർ വിരമിക്കുന്ന മുറയ്ക്കോ/മറ്റേതെങ്കിലും കാരണത്താൽ തസ്തിക ഒഴിവുവരുന്ന മുറയ്ക്കോ മാത്രമേ യു.ജി.സി ലൈബ്രേറിയൻ തസ്തികയിൽ പുതിയ നിയമനം നടത്താനായിട്ടുള്ളു.

യു.ജി.സി. ലൈബ്രേറിയൻ തസ്തിക അനുവദനീയമായ സ്ഥാപനങ്ങളിൽ നാലാം ഗ്രേഡ് ലൈബ്രേറിയൻമാരെ സ്ഥലംമാറ്റി നിയമിക്കാൻ പാടില്ല.

മുൻ സ്റ്റാഫ് പാറ്റേൺ പ്രകാരം നിറുത്തലാക്കിയ തസ്തികകളിൽ ഉൾപ്പെട്ട സ്പെസിമൻ കളക്ടർ, ഗ്യാസ്മാൻ, ഗാർഡനർ വാച്ച്മാൻ, സ്വീപ്പർ, സ്കാവൻഞ്ചർ, സാനിറ്റേഷൻ വർക്കർ എന്നീ തസ്തികകളിലും (മറ്റുള്ളവ) സൂപ്പർ ന്യൂമററിയായി നിലനിൽക്കുന്ന ജീവനക്കാരെ സ്ഥാപനങ്ങളിൽ ആദ്യം ഉണ്ടാകുന്ന ഓഫീസ് അറ്റന്റന്റ് തസ്തികകളിൽ ക്രമീകരിക്കേണ്ടതാണ്.

സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതുമൂലം ഏതെങ്കിലും തസ്തികയിൽ ജീവനക്കാർ അധികമായി നിലനിൽക്കുന്നതെങ്കിൽ പ്രസ്തുത തസ്തികകൾ സൂപ്പർ ന്യൂമററിയായി കണക്കാക്കേണ്ടതും, നിലവിലുള്ള ജീവനക്കാർ വിരമിക്കന്ന മുറയ്ക്കോ/മറ്റേതെങ്കിലും കാരണത്താൽ തസ്തിക ഒഴിയുന്ന മുറയ്ക്കോ സൂപ്പർ ന്യൂമററി തസ്തികകൾ ക്രമീകരിക്കേണ്ടതാണ്.

അതത് ഗ്രൂപ്പുകളിൽ സൂപ്പർ ന്യൂമററിയായി നിലനിൽക്കുന്ന ഒഴിവുകൾ പ്രസ്തുത ഗ്രൂപ്പിൽ ഉൾപ്പെടുന്ന തസ്തികകളിൽ ആദ്യം വരുന്ന ഒഴിവിൽ ക്രമീകരിച്ചതിനുശേഷം മാത്രമേ സ്ഥാനക്കയറ്റം നൽകുന്നതിന് അർഹതയുള്ളു.

സൂപ്പർ ന്യൂമററിയായി നിലനിൽക്കുന്ന ജീവനക്കാരെ യാതൊരു കാരണവശാലും സ്ഥലം മാറ്റി നിയമിക്കാനോ മറ്റ് ഔദ്യോഗിക ക്രമീകരണങ്ങളോ നടത്താൻ പാടില്ല.

29.02.2016 മുതലുള്ള നിയമനം/ സ്ഥാനക്കയറ്റം എന്നിവ പാറ്റേൺ പരിഷ്ക്കരിച്ച് ഉത്തരവ് ലഭിച്ച് പ്രസ്തുത പാറ്റേൺ പ്രകാരം, ആയതിന്റെ പകർപ്പ് സഹിതം ഹാജരാക്കേണ്ടതാണ്.

0583729

ഡോ.എ.എൻ.പത്മകുമാരി

# ചെക്ക് ലിസ്റ്റ്

സ്വകാര്യ എയിഡഡ് കോളേജുകളിലെ അനദ്ധ്യാപകരുടെ സ്ഥാനകയറ്റത്തിന് 29.02.2016 മുതൽ പ്രൊപ്പോസലിനോടൊപ്പം ഹാജരാക്കേണ്ട രേഖകൾ.

1. ആമുഖ കത്ത്.
2. നിശ്ചിത മാതൃകയിലെ പ്രൊഫോർമ. (മാതൃക അനുബന്ധമായി ചേർത്തിരിക്കുന്നു)
3. മുൻ സ്റ്റാഫ് പാറ്റേൺ (09.05.2008 - ലെ ജി.ഒ(എം.എസ്) 50/08/ഉ.വി.വ ഉത്തരവ് പ്രകാരമുള്ളത്.)
4. പുതുക്കിയ സ്റ്റാഫ് പാറ്റേൺ.(29.02.2016 -ലെ ജി.ഒ(എം.എസ്) 60/16/ഉ.വി.വ ഉത്തരവ് പ്രകാരമുള്ളത്.)
5. ജോയിനിംഗ് റിപ്പോർട്ട്.
6. സീനിയോറിറ്റി സർട്ടിഫിക്കറ്റ്.
7. സൂപ്പർ ന്യൂമറി സർട്ടിഫിക്കറ്റ്.(അതത് ഗ്രൂപ്പിലെ എല്ലാ ജീവനക്കാരുമടങ്ങുന്ന സൂപ്പർ ന്യൂമററി സർട്ടിഫിക്കറ്റ് / കോർപ്പറേറ്റ് മാനേജ്മെന്റിൽ അതത് യൂണിവേഴ്സിറ്റിയുടെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ സൂപ്പർ ന്യൂമററിയായി അതത് ഗ്രൂപ്പുകളിൽ ജീവനക്കാർ തുടരുന്നില്ലാ എന്ന സർട്ടിഫിക്കറ്റ്.)
8. ഫിക്സേഷൻ സ്റ്റേറ്റ്മെന്റ്.(മാതൃക അനുബന്ധമായി ചേർക്കുന്നു.)
9. ഒഴിവിന് ആധാരമായ വിവരങ്ങൾ. (ഓപ്പൺ വേക്കൻസി).
    - i. വിരമിച്ചത് (ആധികാരിക രേഖ ഹാജരാക്കേണ്ടത്).
    - ii. സ്ഥാനകയറ്റം നൽകിയത്.(സ്ഥാനക്കയറ്റം അംഗീകരിച്ച ഉത്തരവ് ഉള്ളടക്കം ചെയ്യേണ്ടതാണ്.)
    - iii. സ്വയം വിരമിച്ചത് (സ്വയം വിരമിക്കുന്നതിന് എ.ജി അനുമതി നൽകിയ സാക്ഷ്യ പത്രം, പ്രിൻസിപ്പാളിന്റെ ഉത്തരവ്.)
    - iv. സർവ്വീസിൽ നിന്നും നീക്കം ചെയ്തത്.(ഉത്തരവിന്റെ പകർപ്പ്)
    - v. രാജിവച്ചത്.(ഉത്തരവിന്റെ പകർപ്പ്)
10. സീനിയോറിറ്റി ലിസ്റ്റ് പ്രകാരം പ്രസ്തുത തസ്തികയിൽ ഏറ്റവും ഒടുവിൽ സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരന്റെ പേരും ഈ ഓഫീസിൽനിന്നും അംഗീകാരം നൽകിയ ഉത്തരവിന്റെ പകർപ്പും.
11. സീനിയോറിറ്റി ലിസ്റ്റ് (കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള മാതൃകയിൻ പ്രകാരമുള്ളത്.)
12. സേവന പുസ്തകം.
13. സ്ഥാനക്കയറ്റം ആവശ്യപ്പെടുന്ന പ്രാബല്യ തീയതിയിലെ തൊട്ട് മുൻപിലത്തെ മാസത്തെ ശമ്പള ബില്ലിന്റെ പകർപ്പ് (കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ മേലൊപ്പ് വച്ചത്.), അറ്റൻൻസ് രജിസ്റ്ററിന്റെ പകർപ്പ്.
14. പ്രൊപ്പോസൽ താഴെ പറയുന്ന മാതൃകയിൽ സമർപ്പിക്കേണ്ടതാണ്.

007054
0583583

| ജീവനക്കാരന് സ്ഥാനക്കയറ്റം ആവശ്യപ്പെട്ടിരിക്കുന്ന തസ്തികയും ഗ്രൂപ്പും | സ്ഥാനക്കയറ്റം ആവശ്യപ്പെട്ടിരിക്കുന്ന ഗ്രൂപ്പിൽ മുൻ പാറ്റേൺ പ്രകാരം അനുവദനീയമായ തസ്തികകളുടെ എണ്ണം | പുതുക്കിയ പാറ്റേൺ പ്രകാരം അനുവദനീയമായ തസ്തികകളുടെ എണ്ണം | നിലവിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ പേര്, തസ്തിക | നിലവിലുള്ള ഒഴിവുകളുടെ എണ്ണം/ സ്വഭാവം |
|---|---|---|---|---|
| ഗ്രൂപ്പ് 1 | | | | |
| ഗ്രൂപ്പ് 2 | | | | |
| ഗ്രൂപ്പ് 3 | | | | |
| ഗ്രൂപ്പ് 4 | | | | |
| ഗ്രൂപ്പ് 5 | | | | |
| ഗ്രൂപ്പ് 6 | | | | |
| ഗ്രൂപ്പ് 7 | | | | |

15. സ്ഥാനക്കയറ്റത്തിന് പ്രൊപ്പോസൽ നൽകുമ്പോൾ പ്രസ്തുത ഗ്രൂപ്പിൽ ഉൾപ്പെട്ട തസ്തികയിലെ എല്ലാ ജീവനക്കാരുടെയും വിവരങ്ങൾ നൽകേണ്ടതാണ്. (ഉദാ:ഗ്രൂപ്പ് 4, HA, JS,SS,AA) പ്രപ്പോസൽ സമർപ്പിക്കുമ്പോൾ ഈ ഓഫീസിൽ സ്ഥാനക്കയറ്റം pending ആയ ജീവനക്കാരുടെ വിവരങ്ങൾ പ്രത്യേകമായി സമർപ്പിക്കേണ്ടതാണ്.

16. കോർപ്പറേറ്റ് മാനേജ്മെന്റുകൾ ചുവടെ ചേർത്തിരിക്കുന്ന മാതൃകയിലുള്ള വിവരങ്ങളും നൽകേണ്ടതാണ്.

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| സ്ഥാനകയറ്റത്തിന് പ്രൊപ്പോസൽ സമർപ്പിച്ചിരിക്കുന്ന ജീവനക്കാരന്റെ സീനിയോറിറ്റി ലിസ്റ്റിലെ ക്രമനമ്പർ | ഈ ഓഫീസിൽ നിന്നും ഏറ്റവും ഒടുവിൽ സ്ഥാനകയറ്റം അംഗീകരിച്ച് നൽകിയ ജീവനക്കാരന്റെ പേരും സീനിയോറിറ്റി ലിസ്റ്റിലെ ക്രമനമ്പർ | ക്രമനമ്പർ (2) നു ശേഷം സ്ഥാനകയറ്റം അംഗീകരിച്ച് നൽകേണ്ട ജീവനക്കാരന്റെ പേര്, സീനിയോറിറ്റി ലിസ്റ്റിലെ ക്രമനമ്പർ | ക്രമനമ്പർ (3) പ്രകാരം ഈ ഓഫീസിൽ പരിഗണനക്കായി നൽകിയിട്ടുള്ള ജീവനക്കാരന്റെ പേര്, സീനിയോറിറ്റി ലിസ്റ്റിലെ ക്രമനമ്പർ | റിമാർക്സ് |

17. സ്ഥാനക്കയറ്റം നൽകുന്നതിന് മാനേജ്മെന്റ് നൽകിയ സ്ഥാനക്കയറ്റ ഉത്തരവ്.

ഡോ.എ.എൻ.പത്മകുമാരി
ഡെപ്യൂട്ടി ഡയറക്ടർ

00705

# പ്രൊഫോർമ - 1

## സ്ഥാനക്കയറ്റ അംഗീകാരത്തിനുള്ള അപേക്ഷ

1. പേര് :

2. നിലവിലെ തസ്തിക :

3. നിലവിലെ തസ്തികയിലെ ശമ്പളം ശമ്പളസ്കെയിൽ :

4. സ്ഥാനക്കയറ്റം നേടിയ തസ്തിക :

5. സ്ഥാനക്കയറ്റം നേടിയ തീയതി, മാനേജ്മെന്റ് നൽകിയ സ്ഥാനക്കയറ്റ ഉത്തരവിന്റെ നമ്പർ, തീയതി :

6. സ്ഥാനക്കയറ്റം നേടിയ തസ്തികയിലെ ശമ്പളം ശമ്പളസ്കെയിൽ :

7. ഒഴിവ് (ഓപ്പൺ വേക്കൻസി) :

8. റിമാർക്സ് :

പ്രിൻസിപ്പാൾ

007055

0583588

## പ്രൊഫോർമ - 11

## ശമ്പള നിർണ്ണയ പട്ടിക

## (പത്താം ശമ്പള പരിഷ്ക്കരണ പ്രകാരം)

.....................തീയതിയിലെ.......................നമ്പർ ഉത്തരവ് പ്രകാരം.....................

തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച ശ്രീ/ശ്രീമതി.............ന്റെ/യുടെ (സ്ഥാനക്കയറ്റം ലഭിച്ച തസ്തികയിലെ) ശമ്പള നിർണ്ണയ പട്ടിക.

| | | |
|---|---|---|
| സ്ഥാനക്കയറ്റം ലഭിച്ച ജോലിയിൽ പ്രവേശിച്ച തീയതി | : | |
| സ്ഥാനക്കയറ്റം ലഭിക്കുന്നതിനു മുൻപ് ...........ശമ്പള സ്കെയിലിൽ നിലവിൽ വാങ്ങുന്ന ശമ്പളം | : | |
| സ്ഥാനക്കയറ്റം ലഭിക്കുന്നതിനു മുൻപുള്ള ശമ്പളത്തോടൊപ്പം ഒരു നോഷണൽ ഇൻക്രിമെന്റ് ............ രൂപ കൂട്ടിയാൽ ശമ്പളം | : | |
| സ്ഥാനക്കയറ്റം ലഭിച്ച തസ്തികയിൽ ............ശമ്പള സ്കെയിലിൽ 'KSRS Part 1 Rule 28 A പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച് ജോലിയിൽ പ്രവേശിച്ച തീയതി പ്രാബല്യത്തിൽ' ശമ്പളം | : | |
| അടുത്ത ഇൻക്രിമെന്റ് തീയതി. | : | |

ഡോ.എ.എൻ.പത്മകുമാരി
കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ

0583732
0070560